# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

14.01.2021-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ:988

**ചെങ്ങന്നൂർ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലാവധി വ്യക്തമാക്കാമോ; | (ബി) | 1)ചെങ്ങന്നൂർ സമഗ്ര കുടിവെള്ള പദ്ധതി<br>പ്രസ്തുതപദ്ധതിയിലെ ആദ്യ പാക്കേജ് 25.08.2022 ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത് 2, 3, 4 പാക്കേജുകൾ എഗ്രിമെന്റ് വയ്ക്കുന്ന ദിവസം മുതൽ ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കും.<br>2)തിരുവല്ല - ചങ്ങനാശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി പ്രസ്തുത പദ്ധതി ജനുവരിയിൽ കരാർ ഉറപ്പിച്ച് 18 മാസം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ട എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ വിവരിക്കാമോ? | (സി) | <u>1)ചെങ്ങന്നൂർ സമഗ്ര കുടിവെള്ളപദ്ധതി</u><br>ഈ പദ്ധതിയുടെ ഒന്നാം പാക്കേജിൽ പമ്പാ നദിയിലുള്ള പമ്പ് ഹൗസിൻറെ ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിനായി റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടു കിട്ടുന്നതിനായി 09/12/2020 ൽ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. പാക്കേജ് 2,4 ൽ RUB ചെങ്ങന്നൂർ, കുളിക്കപാലം എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ റയിൽവേ ട്രാക്ക് ക്രോസ് ചെയ്യുവാനുള്ള അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. ഇതിനായി 21/07/2020 ൽ പ്രോജക്ട് മാനേജർ പ്രോജക്ട് ഡിവിഷൻ ആലപ്പുഴയും, 17/09/2020 ൽ മധ്യ മേഖല ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ഡിവിഷനൽ റെയിൽവേ മാനേജർ എസ്.ആർ ന് കത്ത് നൽകിയിട്ടുണ്ട്. മുളക്കുഴ പഞ്ചായത്തിൽ കളരിത്തറയിൽ ജലസംഭരണിക്കു വേണ്ടി പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് തരേണ്ടതായിട്ടുണ്ട്. ഇതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.<br><u>2)തിരുവല്ല -ചങ്ങനാശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി</u><br>ഈ പദ്ധതിയുടെ ഉപരിതല സംഭരണിക്കായി പറയാംകുഴിയിൽ പാലത്തിന് സമീപം 20 സെൻറ് സ്ഥലം വിട്ടു നൽകുന്നതിനായി പഞ്ചായത്ത് സമിതി തീരുമാനം അറിയിച്ചു .എന്നാൽ നിർമാണത്തിനായി ആവശ്യമായ സ്ഥലം പഞ്ചായത്ത് കൈമാറിയിട്ടില്ല ഇത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**ചെങ്ങന്നൂർ സമഗ്ര കുടിവെള്ള പദ്ധതികളുടെ പുരോഗതി പാക്കേജുകളുടെ വിശദവിവരം**

1. ചെങ്ങന്നൂർ സമഗ്ര കുടിവെള്ള പദ്ധതി- കിഫ്ബി -ആല ,പുലിയൂർ ബുധനൂർ പാണ്ടനാട് മുളക്കുഴ വെണ്മണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയ്ക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി

| പദ്ധതി | പദ്ധതിയുടെ വിവരങ്ങൾ | പുരോഗതി |
|---|---|---|
| പാക്കേജ് 1 | പമ്പാ നദിക്കരയിൽ കോലമുക്കത്ത് നിലവിലുള്ള കിണറിന്റെ നവീകരണം ,നികരുമ്പുറത്ത് പ്രതിദിനം 35 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാല,കോലമുക്കത്ത് ട്രാൻസ്ഫോർമർ റൂം, 3.08 കിലോമീറ്റർ റോ വാട്ടർ പമ്പിങ് മെയിൻ,നികിരുമ്പുറം ജല ശുദ്ധീകരണ ശാലയിൽ14 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നത തല സംഭരണി, 14.6 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണി, കോലമുക്കത്തും നികിരുമ്പുറത്തും ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, കോലമുക്കത്ത് 270 കുതിരശക്തി ശേഷിയുള്ള 3 പമ്പുകൾ എന്നിവയുടെ പ്രവൃത്തി ഉൾപ്പെടുത്തിയിരിക്കുന്നു | 35 എം. എൽ ഡി ശുദ്ധീകരണ ശാല, 14 ദശലക്ഷം ജല സംഭരണി, റോ വാട്ടർ പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. |
| പാക്കേജ് 2 | നികിരുമ്പുറം ജല ശുദ്ധീകരണ ശാലയിൽ നിന്നും ചെങ്ങന്നൂർ നഗര സഭയിലെ മലയിൽ എന്ന സ്ഥലത്ത് സ്ഥാപിക്കുന്ന ഉന്നതതല സംഭരണിയിലേക്ക് ശുദ്ധീകരിച്ച ജലം കൊണ്ട് പോകുന്നതിനുവേണ്ടിയുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിൻ 2.25 കിലോമീറ്റർ, 15 ലിറ്റർ ശേഷിയുള്ള ഉന്നത തല സംഭരണി,ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ 190.2 കിലോമീറ്റർ വിതരണ ശൃംഖല,തിരുവല്ല – ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ റെയിൽ ക്രോസ്സ് ചെയ്ത് പൈപ്പ് സ്ഥാപിക്കേണ്ട പ്രവൃത്തി എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. | ടെൻഡർ ചെയ്തിരുന്നെങ്കിലും പ്രവർത്തി ആരും തന്നെ ഏറ്റെടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ ആയത് റീ ടെൻഡർ ചെയ്തിരിക്കുകയാണ്. |
| പാക്കേജ് 3 | ഈ പാക്കേജിൽ പാറചന്ത (10 ലക്ഷം ലിറ്റർ),കളരിത്തറ (6 .5 ലക്ഷം ലിറ്റർ)പെണ്ണുക്കര (15 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ സ്ഥാപിക്കേണ്ട ഉന്നത തല ജല സംഭരണി അവിടങ്ങളിലേക്കുള്ള ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ മുളക്കുഴ വെണ്മണി പഞ്ചായത്തുകളിലായി 525 കിലോമീറ്റർ വിതരണ ശൃംഖല എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. | എസ്റ്റിമേറ്റ് പ്രവർത്തികൾ പുരോഗമിക്കുന്നു. |
| പാക്കേജ് 4 | ഈ പാക്കേജിൽ പുലിയൂർ (16 ലക്ഷം ലിറ്റർ) പാണ്ടനാട് (8 ലക്ഷം ലിറ്റർ) തിരുത്തിമേൽ (3.65 ലക്ഷം ലിറ്റർ) ശേഷിയുള്ള ഉന്നത തല ജല സംഭരണിയുടേയുംഅവിടങ്ങളിലേക്കുള്ള ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ ആല പഞ്ചായത്തിൽ 95.48 കിലോമീറ്റർ, ബുധനൂർ, പുലിയൂർ പഞ്ചായത്തിൽ 147.7 കിലോമീറ്റർ പാണ്ടനാട് പഞ്ചായത്തിൽ 65.65 കിലോമീറ്റർ നീളത്തിലുള്ള വിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും കളിക്കാംപാലം എന്ന സ്ഥലത്ത് റെയിൽ ക്രോസ്സ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിരിക്കുന്നു | എസ്റ്റിമേറ്റ് പ്രവർത്തികൾ പുരോഗമിക്കുന്നു. |

2. കിഫ്ബി -തിരുവല്ല -ചങ്ങനാശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി

പ്രസ്തുത പദ്ധതിയുടെ വിപുലീകരണത്തിലും നവീകരണത്തിലും പാക്കേജ് 3 എ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. പാക്കേജ് 3 എ- ൽ ഉൾപ്പെട്ട തിരുവൻ വണ്ടൂരിലേയ്ക്ക് 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതല സംഭരണിയും പമ്പിങ് മെയിനും വിതരണ ശൃംഖലയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈപ്രവൃത്തിയുടെ 8.18 കോടി രൂപ അടങ്കൽ തുകയുടെ ടെൻഡർ വിളിച്ച് നടപടികൾ പൂർത്തിയായി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 08/2022 ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

Prijith.s

**സെക്ഷൻ ഓഫീസർ**